പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 169</u>  <u>07.12.2015 ൽ മറുപടിക്ക്</u>

## ഹെലിക്യാമറകളുടെ ഉപയോഗത്തിന് നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, സി.മോയിൻ കുട്ടി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, കെ.എം.ഷാജി | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | ഹെലിക്യാമറകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആഡംബര വിവാഹചടങ്ങുകളുടെയും ചില ആഘോഷങ്ങളുടെയും വീഡിയോ ചിത്രീകരണത്തിന് ഹെലിക്യാമറകൾ ഉപയോഗിക്കുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുൻകരുതലുകൾ ഇല്ലാതെയുള്ള അവയുടെ ഉപയോഗം ഉണ്ടാക്കാവുന്ന അപകടങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | മുൻകരുതലുകൾ ഇല്ലാതെയുള്ള ഹെലിക്യാമറകളുടെ ഉപയോഗം വളരെയധികം സുരക്ഷാപ്രശ്നങ്ങൾക്കും അപകടങ്ങൾക്കും കാരണമായേക്കാവുന്നതാണ്. മുൻകൂർ അനുമതിയില്ലാതെ,ഹെലിക്യാമറ പോലുള്ള ഉപകരണങ്ങളുടെ ഉപയോഗം വിധ്വംസക പ്രവർത്തനങ്ങൾക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചേക്കാവുന്നതിനാൽ അത്തരം വസ്തുക്കളുടെ ഏത് കാര്യങ്ങൾക്ക് വേണ്ടിയുള്ള ഉപയോഗത്തിനും മുൻകൂർ അനുമതി വാങ്ങേണ്ടത് ആവശ്യമാണ്. അതീവ സുരക്ഷാ മേഖലകളിൽ നിരോധിക്കപ്പെടേണ്ടതുമാണ്. |
| (സി) | ഇവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഹെലിക്യാമറകൾ, Unmanned Aerial Vehicle (UAV/Unmanned Aircraft System (UAS))എന്നിവയുടെ പരിധിയിൽപ്പെടുന്നവയാണ്. ഈ വിഭാഗത്തിൽ വരുന്ന ഉപകരണങ്ങളുടെ, ഇന്ത്യൻ സിവിൽ എയർസ്പേസിലുള്ള , അനുമതിയില്ലാതെയുള്ള ഉപയോഗം നിരോധിച്ചുകൊണ്ട് 07.10.2014 ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വ്യോമ |

മന്ത്രാലയം ഒരു പബ്ലിക് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇത് 26.10.2015 ൽ സംസ്ഥാനങ്ങൾക്ക് നടപ്പാക്കാനായി അയച്ചുതന്നിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Rajani M

സെക്ഷൻ ഓഫീസർ